പത്രക്കുറിപ്പ്
10-07-2018

## തൊഴിൽ മേഖലയിലെ ചൂഷണം അവസാനിപ്പിക്കാൻ സ്റ്റുഡന്റ് സപ്പോർട്ട് സെന്ററിന് കഴിയും- മന്ത്രി ഡോ. കെ.ടി. ജലീൽ

---

- ഡിഡിയുജികെവൈ സ്റ്റുഡന്റ് സപ്പോർട്ട് സെന്റർ മന്ത്രി ഉദ്ഘാടനം ചെയ്തു
- വിദ്യാർത്ഥികൾക്ക് മൈഗ്രേഷൻ സപ്പോർട്ട് സെന്റർ, ജോബ് പോർട്ടൽ, കോൾ സെന്റർ സേവനങ്ങൾ ലഭ്യമാകും
- കോൾ സെന്റർ നമ്പർ - 0484 2301212

തിരുവനന്തപുരം: തൊഴിൽ മേഖലയിലെ എല്ലാത്തരത്തിലുമുള്ള ചൂഷണം അവസാനിപ്പിക്കുന്നതിനുള്ള ഉത്തമ ഉപാധിയാണ് സ്റ്റുഡന്റ് സപ്പോർട്ട് സെന്ററെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ. കുടുംബശ്രീ മുഖേന കേരളത്തിൽ നടപ്പാക്കുന്ന നൈപുണ്യ പരിശീലന പരിപാടിയായ ഡിഡിയുജികെവൈ (ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശല്യ യോജന)യുടെ സ്റ്റുഡന്റ് സപ്പോർട്ട് സെന്റർ തിരുവനന്തപുരം കനകക്കുന്ന് പാലസിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകായയിരുന്നു മന്ത്രി. മൈഗ്രേഷൻ സപ്പോർട്ട് സെന്റർ, ജോബ് പോർട്ടൽ, കോൾ സെന്റർ എന്നിവ ഉൾപ്പെട്ട സ്റ്റുഡന്റ് സപ്പോർട്ട് സെന്റർ വഴി കേരളത്തിലെ ഡിഡിയുജികെവൈ പദ്ധതി ദേശീയ തലത്തിലാകെ മാതൃക സൃഷ്ടിച്ചിരിക്കുകയാണെന്നും അദ്ദേഹം വ്യക്തമാക്കി. ഒരാൾക്ക് ഏത് മേഖലയിലാണോ താത്പര്യമുള്ളത് ആ മേഖലയിൽ പ്രത്യേക നൈപുണ്യ പരിശീലനം നൽകി അതേ മേഖലയിൽ തന്നെ തൊഴിൽ നേടിക്കൊടുക്കുകയാണ് ഡിഡിയുജികെവൈ ചെയ്യുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. തിരുവനന്തപുരം മേയർ വി.കെ. പ്രശാന്ത് അധ്യക്ഷനായ ചടങ്ങിൽ കോൾ സെന്റർ നമ്പരിലേക്ക് വിളിച്ച് വിവരങ്ങൾ ആരാഞ്ഞു കൊണ്ടാണ് ഡോ. കെ.ടി. ജലീൽ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.

നാട്ടിലുള്ള തൊഴിലവസരങ്ങളെക്കുറിച്ച് തൊഴിലന്വേഷകർക്ക് വ്യക്തമായ ധാരണയുണ്ടാക്കുന്നതിനും തൊഴിൽ ദാതാക്കൾക്ക് വേണ്ട യോഗ്യതയുള്ളവരെ കണ്ടെത്തുന്നതിനും ജോബ് പോർട്ടൽ സഹായകമാകുമെന്നും മന്ത്രി പറഞ്ഞു. 15നും 35നും ഇടയിൽ പ്രായമുള്ള ഗ്രാമീണ യുവതീയുവാക്കൾക്ക് നൈപുണ്യ പരിശീലനവും തൊഴിലും ലഭ്യമാക്കുന്ന ഡിഡിയുജികെവൈ പദ്ധതി വഴി നോഡൽ ഏജൻസിയായ കുടുംബശ്രീ ഇതുവരെ 35568 പേർക്ക് പരിശീലനം നൽകി. അതിൽ 20564 പേർക്ക് ജോലി ലഭിച്ചു. പദ്ധതിയുടെ മികച്ച നടത്തിപ്പിന് 2016-17 കാലഘട്ടത്തിൽ ദേശീയ തലത്തിൽ മൂന്നാം സ്ഥാനവും 2017-18 വർഷത്തിൽ രണ്ടാം സ്ഥാനവും കുടുംബശ്രീയ്ക്ക് ലഭിച്ചിരുന്നു. കൂടാതെ 20000 പേർക്ക് കൂടി നൈപുണ്യ പരിശീലനം നൽകുന്നതിന് 200 കോടി രൂപ കൂടി അധികമായും കേന്ദ്ര ഗ്രാമവികസന മന്ത്രാലയം കുടുംബശ്രീയ്ക്ക് അനുവദിക്കുകയും ചെയ്തിരുന്നു.

ഡിഡിയുജികെവൈ പദ്ധതി വഴി കേരളത്തിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമായിട്ടുള്ളത് എറണാകുളത്താണ്. അതിനാൽ തന്നെ എറണാകുളത്താണ് മൈഗ്രേഷൻ സപ്പോർട്ട് സെന്റർ ആരംഭിച്ചിരിക്കുന്നതും. കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നും എറണാകുളത്ത് ജോലി ലഭ്യമായെത്തുന്നവർക്ക് താമസ സൗകര്യത്തെക്കുറിച്ചുള്ള വിവരങ്ങൾ, കൗൺസിലിങ്, തുടർ പരിശീലനം, ഒത്തുചേരാനുള്ള പൊതു ഇടം, വിവിധ പിന്തുണാ സഹായങ്ങൾ എന്നിവ മൈഗ്രേഷൻ സപ്പോർട്ട് സെന്റർ വഴി ലഭിക്കും. ഡിഡിയുജികെവൈ പദ്ധതിയുടെ വിശദവിവങ്ങൾ ലഭ്യമാക്കുന്നതിനും കോഴ്സുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിനും നിലവിൽ ജോലി ലഭിച്ചവർക്ക് പിന്തുണ സംവിധാനങ്ങളെ പ്പറ്റിയുള്ള വിശദ വിവരങ്ങൾ നൽകുന്നതിനുമെല്ലാമാണ് കോൾ സെന്റർ. പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ പ്രവർത്തിക്കുന്ന ജോബ് പോർട്ടലിൽ തൊഴിൽ അന്വേഷകർക്കും തൊഴിൽ ദായകർക്കും രജിസ്ട്രർ ചെയ്യാനാകും. പദ്ധതിയിലൂടെ പരിശീലനം ലഭിച്ച മുഴുവൻ വിദ്യാർത്ഥികൾ ക്കും പോർട്ടലിൽ രജിസ്ട്രർ ചെയ്യാനാകും.

മികച്ച പ്രകടനം കാഴ്ചവച്ച പ്രൊജക്ട് ഇംപ്ലിമെന്റിങ് ഏജൻസികൾക്ക് (പിഐഎ) മന്ത്രി ഡോ. കെ.ടി. ജലീൽ ചടങ്ങിൽ അവാർഡ് വിതരണം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഒന്നാം സ്ഥാനവും മൂവാറ്റുപുഴയിലെ ഡെന്റ്കെയർ ഡെന്റൽ ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് രണ്ടാം സ്ഥാനവും തൃശൂരിലെ മെഗാ ഇൻഡസ്ട്രീസ് മൂന്നാം സ്ഥാനവും സ്വന്തമാക്കി. കൂടാതെ പദ്ധതിക്ക് പ്രചാരം നൽകുന്നതിനായി കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ തയാറാക്കിയ മൂന്ന് പ്രൊമോഷണൽ വീഡിയോകളുടെ പ്രകാശനവും മന്ത്രി നിർവ്വഹിച്ചു. ഡിഡിയുജികെവൈ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ഡോ. സി.എസ്. പ്രവീൺ സ്വാഗതം ആശംസിച്ചു. പ്രോഗ്രാം ഓഫീസർമാരായ ബിനു ഫ്രാൻസിസ്, ഡോ. നികേഷ് കിരൺ എന്നിവർ ആശംസകൾ അർപ്പിച്ചു. സ്റ്റേറ്റ് പ്രോഗ്രാം മാനേജർ കെ.ആർ. ജയൻ നന്ദി പറഞ്ഞു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ